"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (എം.സി.എഫ്, ആർ.ആർ.എഫ്) തീ പിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും-അധിക നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു. എം) വകുപ്പ്**

സ.ഉ.(സാധാ) നം.617/2023/LSGD തീയതി,തിരുവനന്തപുരം, 15-03-2023

പരാമർശം:-

1. 16-01-2021-ലെ സ.ഉ (സാധാ) നം. 113/2021/ത.സ്വ.ഭ.വ നം. സർക്കാർ ഉത്തരവ്.
2. 02-02-2022-ലെ ഡബ്ല്യു. എം1/40/2022/ത.സ്വ.ഭവ നം. സർക്കാർ സർക്കുലർ.
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.03.2023ലെ 4558/E1/2022/SM നമ്പർ കത്ത്.

**ഉത്തരവ്**

പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (എം.സി.എഫ്, ആർ.ആർ.എഫ്) തീ പിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച് പരാമർശം 1, 2 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് 28 ശതമാനത്തിൽ താഴെ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ മാത്രമേ അഗ്നി സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നുള്ളൂ എന്നും നിലവിലെ അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ അഗ്നിബാധയുണ്ടാകുന്നത് തടയുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളും അവരവരുടെ ഉത്തരവാദിത്തത്തിൽ വരുന്ന പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ അഗ്നി സുരക്ഷാ സജ്ജീകരണങ്ങൾ അടിയന്തിരമായി ഒരുക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അധിക നിർദ്ദേശങ്ങൾ നൽകണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ അഗ്നിബാധയുണ്ടാകുന്നത് തടയുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളും അവരവരുടെ ഉത്തരവാദിത്തത്തിൽ വരുന്ന പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ പരാമർശം 1, 2 പ്രകാരമുള്ള അഗ്നി സുരക്ഷാ സജ്ജീകരണങ്ങൾ അടിയന്തിരമായി ഒരുക്കുന്നതിനും ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1). അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന മുഴുവൻ പാഴ് വസ്തു വിപണനശാലകളിലും (ആക്രിക്കടകൾ) അഗ്നി സുരക്ഷാ സംവിധാനം ഉണ്ടെന്നും ആയത് പ്രവർത്തന സജ്ജമാണെന്നും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

2). പാഴ് വസ്തു വിപണന ശാലകളിലും അതിനു ചുറ്റുപാടിലും തീ പിടുത്ത സാധ്യമായ രീതിയിൽ പാഴ് വസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3). പാഴ് വസ്തു സംഭരണ ശാലകൾ (മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്) ക്ക് ചുറ്റും പാഴ് വസ്തുക്കൾ അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4). പാഴ് വസ്തു സംഭരണ ശാലകളുടെ പരിസരത്തും പാഴ് വസ്തു വിപണന ശാലകളുടെ പരിസരത്തും അഗ്നിബാധ ഉണ്ടാകാൻ സാധ്യതയുള്ള യാതൊരു വിധ പ്രവൃത്തികളും അനുവദിക്കാൻ പാടുള്ളതല്ല.

5). പാഴ് വസ്തു സംഭരണ/ വിപണന ശാലകളുടെ പരിസരത്ത് ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ടും മറ്റും വൈദ്യുതാലങ്കാരം ക്രമീകരിക്കുമ്പോൾ ആയതിൽ നിന്നും ഷോർട്ട് സർക്യൂട്ട് ഉണ്ടാകാതിരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകേണ്ടതും അത്തരത്തിൽ ഷോർട്ട് സർക്യൂട്ട് ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നേരിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

6). പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ നിന്നും യഥാസമയം പാഴ് വസ്തു നീക്കം നടക്കുന്നുണ്ട് എന്നും സംഭരണകേന്ദ്രങ്ങളിലും അതിന് സമീപവും പാഴ് വസ്തുക്കൾ കുന്നുകൂടി കിടക്കുന്നില്ലായെന്നും കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

7). അനധികൃതമായി ആരുംതന്നെ പാഴ് വസ്തു സംഭരണ ശാലകളിൽ പ്രവേശിക്കുന്നില്ലായെന്നും സംഭരണ ശാലകൾക്ക് മതിയായ ബന്ധവസ്സ് ഉണ്ട് എന്നും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

8). പൊതുനിരത്തുകളിൽ പാഴ് വസ്തുക്കൾ കൂട്ടിയിട്ട് കത്തിക്കുന്ന സ്ഥിതി നിലവിലും കണ്ടുവരുന്നു. ഇത്തരത്തിൽ മാലിന്യം കത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

9). മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്-എന്നിവയിൽ അഗ്നി സുരക്ഷാ സംവിധാനം ഉണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

10). പാഴ് വസ്തു സംഭരണ ശാലകളിൽ നിരന്തരം പരിശോധന നടത്തുന്നതിനായി ഒരു ഓഫീസറെ അതാത് തദ്ദേശ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തേണ്ടതാണ്.

This order may be treated as a directive u/s 5 of the Environment (Protection) Act 1986.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്

ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്

ഡയറക്ടർ ജനറൽ, കേരള ഫയർ & റസ്ക്യൂ സർവ്വീസ്

എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ.

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കർമ്മ മിഷൻ,

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)

ഡയറക്ടർ, ഐ.&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Prasanth C
സെക്ഷൻ ഓഫീസർ
Date: 16-03-2023 13:21:52